**പതിമൂന്നാം കേരളനിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1909 | 16.06.2014 ന് മറുപടിയ്ക്ക്.

**വന്യജീവി ആക്രമണത്തിൽ നിന്നും വിളകൾക്ക് സംരക്ഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.പി.എ.മാധവൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) കർഷകർക്കും വിളകൾക്കും വന്യജീവികളിൽ നിന്നും സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. വന്യജീവികളിൽ നിന്നും കർഷകർക്കും വിളകൾക്കും സംരക്ഷണം നൽകുന്നതിനായി താഴെ പറയുന്ന പ്രതിരോധ നടപടികൾ കൈക്കൊണ്ടു വരുന്നു.<br>1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.<br>2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.<br>3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.<br>4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ.<br>5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br>6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br>7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന, വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നുംകുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.<br>8. കാട്ടിലേക്ക് തിരിച്ചയയ്ക്കാൻ സാധിക്കാതെ വരുന്ന കാട്ടാനകളെ പിടിച്ചു മെരുക്കുന്നതിനുള്ള ആനപ്പന്തികളുടെ നിർമ്മാണം.<br>9. പ്രശ്നക്കാരായ ആനകളെ പിടിച്ചു മാറ്റുന്നതിനുള്ള എലിഫെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.<br>10. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ. |

11. വനത്തിനകത്ത്, വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.
12. പ്രശ്നങ്ങളുണ്ടാക്കുന്ന കരങ്ങുകളെ പിടിച്ച് മാറ്റാനും വന്ധീകരിക്കുവാനും ഉള്ള നടപടികൾ.

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത്തരം പരിപാടികൾ നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതി വിഹിതം ഉപയോഗിച്ചാണ് മിക്ക നടപടികളും കൈക്കൊണ്ടു വരുന്നത്. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെയും ചില പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ നബാർഡിന്റെ സഹായത്തോടെ സൗരോർജ്ജ കമ്പിവേലി നിർമ്മിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി വയനാട്ടിൽ നടപ്പിലാക്കി വരുന്നു. ആനത്താരകൾ ക്രോഡീകരിക്കുന്നതിന്റെ ഭാഗമായി വന്യമൃഗ സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ സഹായത്തോടെ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നു. ഇതിനായി വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ, ഏഷ്യൻ നേച്ചർ കൺസർവേഷൻ ഫൗണ്ടേഷൻ എന്നീ സംഘടനകൾ സഹായിക്കുന്നുണ്ട്.

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ?

(സി) ഇതിനായി ചുവടെ ചേർക്കുന്ന നടപടികളാണുള്ളത്.

1. പ്രതിരോധസംവിധാനങ്ങൾ എന്ന നിലയിൽ 707 കിലോമീറ്റർ വൈദ്യുത കമ്പിവേലി, 494 കിലോമീറ്റർ ആനപ്രതിരോധ കിടങ്ങ്, 24 കിലോമീറ്റർ ആനപ്രതിരോധ ഭിത്തി, 4.00 കിലോമീറ്റർ കയ്യാല എന്നിവ പണിതു. കൂടാതെ ജൈവ വേലിയായി 4 കിലോമീറ്റർ ദൈർഘ്യം അഗേവ് വച്ചു പിടിപ്പിച്ചു.

2. വയനാട്, നിലമ്പൂർ, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ തുടങ്ങിയ 8 സ്ഥലങ്ങളിൽ പുതുതായി റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ചു.
3. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും, ചെക്ക്ഡാമുകളും നിർമ്മിക്കുകയും വനവല്ക്കരണം നടത്തി വരുകയും ചെയ്യുന്നു.
4. വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആദിവാസി വിഭാഗങ്ങളിൽ നിന്നും 700 വാച്ചർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.
5. വയനാട് വന്യജീവി സങ്കേതത്തിനുള്ളിലെ സെറ്റിൽമെന്റുകളിൽ ഗോളൂർ, അമ്മവയൽ, കൊട്ടങ്കര എന്നീ സെറ്റിൽമെന്റുകളിലെ 111 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു.

6. വന്യജീവി പ്രശ്നങ്ങളും വനസംരക്ഷണ പ്രവർത്തനങ്ങളും ഫലവത്തായി കൈകാര്യം ചെയ്യുന്നതിലേക്കായി പെരിയാർ ടൈഗർ റിസർവ്വിൽ 4 ഫോറസ്റ്റ് സ്റ്റേഷനുകളും, വയനാട് ജില്ലയിൽ 5 ഫോറസ്റ്റ് സ്റ്റേഷനുകളും സ്ഥാപിച്ചു.

7. വയനാട് വന്യജീവി സങ്കേതത്തിലും നിലമ്പൂർ സൗത്ത് ഡിവിഷനിലും 2 എലിഫന്റ് ക്രാളുകൾ (ആനപ്പന്തി) നിർമ്മിക്കാനുള്ള പ്രാരംഭ നടപടികൾ എടുത്തു.

സെക്ഷൻ ഓഫീസർ